LIBRARY ARCHIVES Kerala Legislative Assembly

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

175 (3011) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മൃഗസംരക്ഷണ വകുപ്പുമുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മൃഗാശുപത്രികളുടെ നിർമ്മാണവും ശാക്തീകരണവും, സ്കൂളുകളിലെ മൃഗക്ഷേമ പ്രവർത്തനങ്ങൾ, ഫീൽഡ് വിസിറ്റ്, ഓറിയന്റഡ് എക്സ്റ്റൻഷൻ പ്രോഗ്രാമുകൾ, പന്നി വളർത്തൽ യൂണിറ്റുകൾ, മുയൽ വളർത്തൽ യൂണിറ്റുകൾ, അടുക്കള മുറ്റത്തെ കോഴി വളർത്തൽ, ജില്ലാ ലാബുകളുടെയും മറ്റ് ലാബുകളുടേയും ശാക്തീകരണം, വന്ധ്യതാ നിവാരണ ക്യാമ്പുകൾ, ആടുവളർത്തൽ യൂണിറ്റുകൾ, കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ബോധവൽക്കരണ പദ്ധതികൾ, വിവിധതരം സെമിനാറുകൾ, ജില്ലാതല സംരംഭകരുടെ സംഗമം, ഹീഫർ റിയറിംഗ് മുതലായ പദ്ധതികളാണ് പ്രധാനമായും നടപ്പാക്കിയത്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) 2015-16 സാമ്പത്തിക വർഷത്തിൽ അസ്സാഡ്-ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ക്യാമ്പയിൻ സെമിനാർ പദ്ധതിക്കായി അനുവദിച്ചതിൽ 10,000 രൂപയും ജില്ലാ ലാബിന്റെ ശാക്തീകരണത്തിനും ആധുനികവൽക്കരണത്തിനും അനുവദിച്ച ഒരു ലക്ഷം രൂപയും മാത്രമേ ചെലവഴിക്കാൻ ബാക്കിയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്